REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഭരണഘടനയുടെ 75 വർഷത്തെ ജൈത്ര യാത്രയുമായി ബന്ധപ്പെട്ട പ്രത്യേക ചർച്ച ലോക്സഭയിൽ ഇന്നും തുടരും.**
- **സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ നാലാമത് ദേശീയ സമ്മേളനം ഇന്ന് ഡൽഹിയിൽ.**
- **IFFK വേദിയിൽ ആദരിക്കുന്ന പ്രമുഖവ്യക്തിത്വങ്ങൾ സ്ത്രീകളാവുന്നതിൽ അഭിമാനമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **പാലക്കാട് പനയംമ്പാടത്തെ അപകടസ്ഥലത്ത് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ രാവിലെ സംയുക്ത സുരക്ഷാപരിശോധന നടത്തും.**
- **ഇന്ത്യ - ഓസ്ട്രേലിയ ബോർഡർ ഗാവസക്ർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ബൗളിംഗ് തെരഞ്ഞെടുത്തു.**

## വാർത്തകൾ വിശദമായി

ഭരണഘടനയുടെ 75 വർഷത്തെ ജൈത്ര യാത്രയുമായി ബന്ധപ്പെട്ട് പ്രത്യേക ചർച്ച ലോക്സഭയിൽ ഇന്നും തുടരും. ലോക് സഭയിൽ ചർച്ചയ്ക്ക് പ്രധാനമന്ത്രി മറുപടി പറഞ്ഞേക്കും. ഇന്നലെ ലോക്സഭയിൽ ചർച്ചയ്ക്ക് തുടക്കമിട്ട കേന്ദ്രമന്ത്രി രാജ് നാഥ് സിംഗ് സാമൂഹ്യ- സാമ്പത്തിക - രാഷ്ട്രീയ - സാംസ്കാരിക ജീവിതത്തിന്റെ എല്ലാ തലങ്ങളേയും പരിഗണിച്ച് ഭരണഘടന രാഷ്ട്രനിർമ്മാണത്തിന് വഴിയൊരുക്കിയതായി പറഞ്ഞു. 75 വർഷം മുമ്പ് സ്വീകരിച്ച ഭരണഘടന കേവലം ഔദ്യോഗിക രേഖ അല്ലെന്നും മറിച്ച് ജനഹിതത്തിന്റെ പ്രതിരൂപമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഡെസ്ക് റിപ്പോർട്ട്....

.........വോയ്സ്........

ഭരണഘടനയെ ഒരു പ്രത്യേക കക്ഷി അവരുടെ സംഭാവനയായി ചിത്രീകരിക്കാൻ ശ്രമം  നടത്തുകയാണെന്ന് രാജ് നാഥ് സിംഗ് കുറ്റപ്പെടുത്തി. ഏതെങ്കിലും ഒരു രാഷ്ട്രിയ പാർട്ടിയുടെ സംഭാവനയല്ല ഭരണഘടന- ഇന്ത്യയുടെ മൂല്യങ്ങൾ ക്രോഡീകരിച്ചതാണ് അത്. എല്ലാവർക്കുമൊപ്പം എല്ലാവരുടേയും വികാസത്തിനും വിശ്വാസത്തിനും ക്ഷേമത്തിനും ശ്രമങ്ങൾ എന്ന തത്വത്തിലൂന്നിയാണ് നരേന്ദ്രമോദി ഗവൺമെന്റിന്റെ പ്രവർത്തനം.

ചർച്ചയിൽ പങ്കെടുത്ത കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കുന്ന കവചമാണ് ഭരണഘടനയെന്ന് അഭിപ്രായപ്പെട്ടു. ഭരണപക്ഷം അതിനെ ദുർബലമാക്കാൻ ശ്രമിക്കുകയാണെന്നും പ്രിയങ്ക അഭിപ്രായപ്പെട്ടു.

സമാജ് വാദി പാർട്ടി നേതാവ് അഖിലേഷ് യാധവ്, DMK യുടെ TR ബാലു, ജനതാദൾ (U) നേതാവും കേന്ദ്രമന്ത്രിയുമായി രാജീവ് രഞ്ജൻ സിംഗ്, തൃണമൂലിലെ കല്യാൺ ബാനർജി എന്നിവരടക്കം നേതാക്കൾ ഇന്നലത്തെ ചർച്ചയിൽ പങ്കെടുത്തു. ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കും.

രാജ്യസഭ തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ  ചർച്ചയ്ക്ക് തുടക്കമിടും. ചൊവ്വാഴ്ച പ്രധാനമന്ത്രി രാജ്യസഭയിലും ചർച്ചയ്ക്ക് മറുപടി പറയും.

✪✪✪

സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ നാലാമത് ദേശീയ സമ്മേളനം ഇന്ന് ഡൽഹിയിൽ ചേരും. പ്രധാനമന്ത്രി നരേന്ദ്രമോദി അധ്യക്ഷനാകുന്ന സമ്മേളനം കേന്ദ്രവും സംസ്ഥാന ഗവൺമെന്റുകളും തമ്മിൽ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ചർച്ച ചെയ്യും. സഹകരണ ഫെഡറലിസവും മികച്ച ഏകോപനവും വഴി വളർച്ചയും വികസനവും വേഗത്തിലാക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം. സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും ചീഫ് സെക്രട്ടറിമാരും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും.

സംരംഭകത്വം, തൊഴിൽ, നൈപുണ്യ പ്രോത്സാഹനം എന്നിവ വഴി ജനസംഖ്യാപരമായ ശേഷി ഉയർത്തൽ എന്ന ആശയത്തിനാണ് സമ്മേളനം ഊന്നൽ നൽകുന്നത്.

✪✪✪

ഹൈവേ സുരക്ഷ ഉറപ്പാക്കാൻ 'രാജ്മാർഗ് സാഥി' എന്ന പേരിൽ നൂതന റൂട്ട് പട്രോളിംഗ് വാഹനങ്ങൾ കൊണ്ടുവരാൻ ദേശീയ പാത അതോറിറ്റി പദ്ധതിയിടുന്നതായി കേന്ദ്രഗതാഗത മന്ത്രാലയം അറിയിച്ചു. അടിയന്തര സാഹചര്യങ്ങൾ നിരീക്ഷിക്കാനും പ്രതികരിക്കാനും RPVകൾ ദേശീയപാതകളിൽ പരിശോധന നടത്തും. ഇത്തരം വാഹനങ്ങളിൽ അടിയന്തര പ്രതികരണത്തിന് ക്ലോസ്ഡ് കാബിനറ്റുകളും നിർമ്മിത ബുദ്ധി ഡാഷ്ബോർഡ് ക്യാമറകളും ഉണ്ടായിരിക്കും.

✪✪✪

ഹൈദരാബാദിലെ സിനിമാ തീയേറ്ററിൽ പുഷ്പ -2 സിനിമയ്ക്കിടെ ഉണ്ടായ സംഭവം സംസ്ഥാനത്തിന്റേയും പ്രാദേശിക ഭരണകൂടത്തിന്റേയും മോശപ്പെട്ട സജ്ജീകരണങ്ങൾകൊണ്ടാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് കുറ്റപ്പെടുത്തി. ക്രിയാത്മക വ്യവസായ മേഖലയോട് ബഹുമാനം പുലർത്താത്ത തെലങ്കാന ഗവൺമെന്റിന്റെ കാഴ്ചപ്പാടിന് തെളിവാണ് അല്ലു അർജ്ജുന്റെ അറസ്റ്റെന്നും അശ്വിനി വൈഷ്ണവ് സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു.

ഈ മാസം നാലിന് അല്ലു അർജ്ജുൻ തിയേറ്ററിൽ എത്തയതിനെ തുടർന്നുണ്ടായ തിക്കിലും തിരക്കിലും ഒരു സ്ത്രീ മരിച്ച സംഭവത്തോട് പ്രതികരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. അറസ്റ്റിലായ അല്ലു അർജ്ജുന് ഇന്നലെ തെലങ്കാന ഹൈക്കോടതി നാലാഴ്ചത്തെ ജാമ്യം നൽകിയിരുന്നു.

✪✪✪

ഇന്ന് ദേശീയ ഊർജ്ജ സംരക്ഷണ ദിനം. 1991 ഡിസംബർ 14 മുതലാണ് രാജ്യത്ത് ദേശീയ ഊർജ സംരക്ഷണ ദിനം ആചരിച്ചു തുടങ്ങിയത്. ഊർജ ഉപയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നു. രണ്ടാം ശനി അവധി ആയതിനാൽ സംസ്ഥാനത്തെ ഗവൺമെന്റ് ഓഫീസുകളിലും തദ്ദേശ സ്ഥാപനങ്ങളിലും ഇന്നലെയാണ് ദിനാചണ പരിപാടികൾ സംഘടിപ്പിച്ചത്. ഗവണ്മെന്റ് ഓഫീസുകളിൽ ജീവനക്കാർ ഊർജ സംരക്ഷണ പ്രതിജ്ഞയെടുത്തു.

✪✪✪

IFFK വേദിയിൽ ആദരിക്കുന്ന പ്രമുഖവ്യക്തിത്വങ്ങൾ സ്ത്രീകളാവുന്നതിൽ അഭിമാനമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേള തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ഏതെങ്കിലുമൊരു

വിഭാഗത്തിൽപ്പെട്ട ചിത്രങ്ങൾ മാത്രം സൃഷ്ടിക്കുകയോ ചില പ്രത്യേക കാഴ്ചപ്പാടുകൾ മാത്രം അവതരിപ്പിക്കുകയോ ചെയ്താൽ അതു സിനിമാ രംഗത്തിന്റെ ശോഷണത്തിനു മാത്രമേ വഴിവയ്ക്കൂ. വ്യത്യസ്ത വിഷയങ്ങളേയും സാമൂഹിക യാഥാർത്ഥ്യങ്ങളേയും പ്രതിഫലിപ്പിക്കാൻ കഴിയുന്ന മികച്ച സിനിമകളൊരുക്കാൻ ചലച്ചിത്രരംഗത്ത് പ്രവർത്തിക്കുന്നവർ ശ്രദ്ധിക്കണമെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ രണ്ടാം ദിവസമായ ഇന്ന് 67 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഹോമേജ് വിഭാഗത്തിൽ M. മോഹൻ ചിത്രം 'രചന', ഉത്പലേന്ദു ചക്രബർത്തി സംവിധാനം ചെയ്ത 'ചോഘ്', സെന്റണിയൽ ട്രിബ്യൂട്ട് വിഭാഗത്തിൽ P. ഭാസ്കരൻ സംവിധാനം ചെയ്ത 'മൂലധനം' എന്നിവ ഇന്ന് പ്രദർശിപ്പിക്കുന്ന ശ്രദ്ധേയ ചിത്രങ്ങളാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..

........വോയ്സ്...........

മലയാള സിനിമ ടുഡേ വിഭാഗത്തിൽ കിഷ്കിന്ധാ കാണ്ഡത്തിന്റെ പ്രദർശനം വൈകുന്നേരം മൂന്നിന് ന്യൂ തിയേറ്ററിൽ നടക്കും. പെരുമാൾ മുരുകന്റെ ചെറുകഥയെ ആധാരമാക്കി നിർമ്മിച്ച ചിത്രമായ അങ്കമ്മാൾ വൈകുന്നേരം 6 മണിക്ക് കൈരളി തിയേറ്ററിൽ പ്രേക്ഷകർക്ക് മുന്നിലെത്തും.

നോറ മാർട്ടിറോഷ്യൻ സംവിധാനം ചെയ്ത ഷുഡ് ദി വിൻഡ് ഡ്രോപ്പ് , കൺട്രി ഫോക്കസ് വിഭാഗത്തിൽ രാവിലെ 9:30ന് നിള തിയേറ്ററിൽ പ്രദർശിപ്പിക്കും. വൈകുന്നേരം 6 മണിക്ക് അജന്ത തിയേറ്ററിൽ ജാക്ക് ഓർഡിയാ സംവിധാനം ചെയ്ത എമിലിയ പെരെസ് പ്രേക്ഷകർക്ക് മുന്നിലെത്തും.

ഫീമെയിൽ ഗെയ്സ് വിഭാഗത്തിൽ യോക്കോ യമനാക സംവിധാനം ചെയ്ത ഡെസേർട്ട് ഓഫ് നമീബിയ രാവിലെ 11:45ന് നിള തിയേറ്ററിൽ പ്രദർശിപ്പിക്കും. അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ ആൻ ഓസിലേറ്റിംഗ് ഷാഡോ, ദി ഹൈപ്പർബോറിയൻസ്, ബോഡി, അപ്പുറം, ലിൻഡ, എൽബോ എന്നീ ചിത്രങ്ങളും ഇന്ന് പ്രദർശിപ്പിക്കും

✪✪✪

നാല് സ്കൂൾ വിദ്യാർത്ഥിനികൾ മരിച്ച പാലക്കാട് പനയംമ്പാടം അപകടസ്ഥലത്ത് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഇന്ന് സംയുക്ത സുരക്ഷാപരിശോധന നടത്തും. പ്രദേശവാസികളുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുമെന്ന് മന്ത്രി K.കൃഷ്ണൻകുട്ടി

അറിയിച്ചു. ഇന്നലെ ചേർന്ന അടിയന്തരയോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

.........വോയ്സ്........

ജില്ലാ പൊലീസ് മേധാവി, ആർ.ടി.ഒ, പൊതുമരാമത്ത്, ദേശീയ പാതാവിഭാഗം ഉദ്യോഗസ്ഥരുടെ സംഘമാണ് സംയുക്ത സുരക്ഷാ പരിശോധന നടത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കുക.രാവിലെ 11 മണിയോടെ ഉദ്യോഗസ്ഥർ സ്ഥലത്ത് പരിശോധന ആരംഭിക്കും.ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാറും ഇന്ന് അപകട സ്ഥലവും മരിച്ച വിദ്യാർത്ഥിനികളുടെ വീടുകളും സന്ദർശിക്കുന്നുണ്ട്.. റവന്യു മന്ത്രി കെ. രാജൻ

ഇന്നലെ വിദ്യാർത്ഥിനികളുടെ വീടുകളിൽ എത്തി ബന്ധുക്കളെ കണ്ടിരുന്നു. ദുരന്തവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറോട് വിശദമായ റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും മരിച്ച കുട്ടികളുടെ കുടുംബത്തിന്റെ ദുരിതങ്ങളും വിഷമങ്ങളും മനസ്സിലാക്കി സർക്കാറിന്റെ ഭാഗത്ത് നിന്ന് സഹായങ്ങൾ ഉണ്ടാവുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

എറണാകുളം മാർക്കറ്റ് സമുച്ചയം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ആധുനിക നിലവാരത്തിൽ ഒന്നര ഏക്കറിലേറെ സ്ഥലത്ത് നാല് നിലകളിലായാണ് 72 കോടി ചെലവിൽ സമുച്ചയം നിർമ്മിച്ചിരിക്കുന്നത്.

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രിമാരായ MB രാജേഷ്, Pരാജീവ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

✪✪✪

കൊച്ചി താന്തോണിത്തുരുത്തിലെ വീടുകളിൽ വെള്ളം കയറുന്ന പ്രശ്നത്തിന് പരിഹാരം ആവശ്യപ്പെട്ട് പ്രദേശവാസികൾ നടത്തിവന്ന സമരം പിൻവലിച്ചു. മന്ത്രി

P രാജീവിന്റെ അധ്യക്ഷതയിൽ സമര സമിതി അംഗങ്ങളുമായി കൊച്ചിയിൽ നടത്തിയ ചർച്ചയിലാണ് സമരം പിൻവലിക്കാൻ ധാരണയായത്.

വെള്ളം കയറാതിരിക്കാൻ മുൻപ് സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി കേന്ദ്ര തീരദേശ പരിപാലന അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ യോഗം തീരുമാനിച്ചു.

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ ബോർഡർ ഗാവസക്ർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം രാവിലെ ബ്രിസ്ബെയ്നിലെ ഗാബയിൽ ആരംഭിച്ചു. ടോസ് നേടിയ ഇന്ത്യ ഓസ്ട്രേലിയയെ ബാറ്റിംഗിന് അയച്ചു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഓസ്ട്രേലിയ 7 ഓവറിൽ വിക്കറ്റ് നഷ്ടപ്പെടാതെ 24 റൺസ് എടുത്തു.

ഇരു ടീമുകളും ഓരോ മത്സരം ജയിച്ച് സമനില പുലർത്തുകയാണ്. അഞ്ച് ടെസ്റ്റ് മാച്ചുകളാണ് പരമ്പരയിൽ ഇന്ത്യയും ഓസ്ട്രേലിയയും കളിക്കുന്നത്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, മോഹൻബഗാൻ സൂപ്പർ ജയന്റിനെ നേരിടും വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം. മറ്റൊരു മത്സരത്തിൽ ബംഗളുരു FC ,FC ഗോവയെ നേരിടും.വൈകിട്ട് അഞ്ചിന് ബംഗലുരുവിലാണ് മത്സരം.

ഇന്നലെ ജംഷഡ്പൂർ FC, പഞ്ചാബ് FC യെ പരാജയപ്പെടുത്തി. ജംഷഡ്പൂരിലെ മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ജംഷഡ്പൂരിന്റെ ജയം.

✪✪✪

ഒമാനിലെ മസ്കറ്റിൽ വനിതാ ജൂനിയർ ഏഷ്യാ കപ്പ് സെമി ഫൈനലിൽ ഇന്ത്യയിന്ന് ജപ്പാനെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് 6 -നാണ് മത്സരം ആരംഭിക്കുന്നത്. ക്വാർട്ടർ ഫൈനലിൽ തായ്ലൻഡിനെ 9 ഗോളിന് തകർത്താണ് ഇന്ത്യ സെമിയിൽ എത്തിയത്.

✪✪✪

വെസ്റ്റ് ഇൻഡീസിനെതിരായ T-20, ഏകദിന പരമ്പരകൾക്ക് 15 അംഗ വനിതാ ഇന്ത്യൻ ടീമിനെ സെലക്ഷൻ കമ്മിറ്റി പ്രഖ്യാപിച്ചു. യസ്തിക ഭാട്ടിയ, ശ്രേയങ്ക പാട്ടീൽ, പ്രിയ പുനിയ എന്നിവർ പരിക്കുമൂലം ടീമിലില്ല.

✪✪✪

ദേശീയ ഗെയിംസിൽ കളരിപ്പയറ്റ് മത്സര ഇനമായി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് മന്ത്രി V. അബ്ദു റഹ്മാൻ കേന്ദ്ര കായിക മന്ത്രാലയത്തിന് കത്തയച്ചു. ഗോവ ദേശീയ ഗെയിംസിൽ മത്സര ഇനമായി ഉൾപ്പെടുത്തിയിരുന്ന കളരിപ്പയറ്റിനെ ഈ വർഷത്തെ ഉത്തരാഖണ്ഡ് ദേശീയ ഗെയിംസിൽ പ്രദർശന ഇനമായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

✪✪✪

92-ാമത് ശിവഗിരി തീർഥാടന കാലത്തിന് നാളെ തുടക്കമാകും. പുലർച്ചെ ആറിന് മഹാസമാധിയിൽ പ്രാർഥനയ്ക്ക് ശേഷം ഭക്തിഗാന സദസ്സും തീർഥാടനകാല സമ്മേളനവും നടത്തും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

✪✪✪

മന്ത്രി ജെ.ചിഞ്ചുറാണി രാവിലെ കാസർഗോഡ് പരപ്പ ബ്ലോക്ക് പഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ ഒ.പി ബ്ലോക്ക് ഉദ്ഘാടനം ചെയ്യും. തുടർന്ന് കാലിച്ചാമരത്ത് ജില്ലാ ക്ഷീര കർഷക സംഗമവും അവർ ഉദ്ഘാടനം ചെയ്യും.

✪✪✪

കോട്ടയം ജില്ലയിലെ കൂട്ടിക്കൽ, വാഴൂർ ഗ്രാമപഞ്ചായത്തിലെ പന്നി ഫാമിൽ ആഫ്രിക്കൻ പന്നിപ്പനി രോഗം സ്ഥിരീകരിച്ചായി ജില്ലാ കളക്ടർ അറിയിച്ചു.

രോഗം സ്ഥിരീകരിച്ച ഫാമിന്റെ ഒരു കിലോമീറ്റർ ചുറ്റളവ് രോഗബാധിത പ്രദേശമായും 10 കിലോമീറ്റർ ചുറ്റളവ് രോഗനിരീക്ഷണ മേഖലയായും പ്രഖ്യാപിച്ചു.

✪✪✪

മണിയാർ ജലവൈദ്യുത പദ്ധതിയുടെ BOT കരാർ 25 വർഷത്തേക്ക് കൂടി നീട്ടി നൽകുന്ന നീക്കത്തിൽ നിന്ന് ഗവൺമെന്റ് അടിയന്തിരമായി പിൻമാറണമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

✪✪✪